# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1902** **14.08.2017-ൽ മറുപടിക്ക്**

## ആശുപത്രികളിൽ ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി

**ചോദ്യം** — **ശ്രീ.ആർ. രാമചന്ദ്രൻ**

**മറുപടി** — **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**
(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളിലാണ് ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിന് പദ്ധതിയിട്ടിട്ടുള്ളത് ; ഇതിനാവശ്യമായ ചെലവിന്റെ എത്ര ശതമാനം കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കുമെന്ന് വ്യക്തമാക്കാമോ ; | എ) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ നാഷണൽ ഹൈവേസ് എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരമുള്ള ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ആലപ്പുഴ മെഡിക്കൽ കോളേജിനെ ലെവൽ 2 ട്രോമാ കെയർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ആകെ തുകയായ (കേന്ദ്ര വിഹിതവും സ്റ്റേറ്റ് വിഹിതവും ഉൾപ്പെടെ) 10.272 കോടി രൂപയിൽ 367.5 ലക്ഷം രൂപ ഒന്നാം ഘട്ട കേന്ദ്ര വിഹിതമായി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിനെ ലെവൽ 1 ട്രോമാകെയർ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഒന്നാംഘട്ട കേന്ദ്രവിഹിതമായി 504 ലക്ഷം രൂപ അനുവദിച്ചതിൽ 72 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കും 432 ലക്ഷം രൂപ ഉപകരണങ്ങൾ വാങ്ങുന്നതിലേക്കുമാണ്.<br>ഇതിനാവശ്യമായ ചെലവിന്റെ 60% ആണ് കേന്ദ്ര സർക്കാർ ഏറ്റെടുക്കുന്നത്. |
| ബി) | ട്രോമാ കെയർ അനുവദിച്ച ആശുപത്രികളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്താണ് ; | ബി) | കേന്ദ്ര സർക്കാരിന്റെ മാനദണ്ഡ പ്രകാരം രണ്ട് ലെവൽ 1 സെന്ററുകൾ തമ്മിൽ 750 കിലോമീറ്ററിൽ കുറയാത്ത ദൂരം ആവശ്യമാണ്. കോഴിക്കോട് മെഡിക്കൽ കോളേജ് ലെവൽ 1 സെന്ററിൽ ഉൾപ്പെടുത്തിയതിനാൽ കേരളത്തിലെ മറ്റൊരു മെഡിക്കൽ കോളേജിനും ഈ ദൂരപരിധിയുടെ മാനദണ്ഡപ്രകാരം ലെവൽ 1 സെന്ററിന് അനുമതി ലഭിക്കാൻ സാധ്യതയില്ല |
| സി) | കരുനാഗപ്പള്ളി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | കരുനാഗപ്പള്ളി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയെ ട്രോമാകെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പട്ടികയിൽ ഉൾപ്പെടുത്താൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**